# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂതക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P5/1428/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/09/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P5/1428/2023 തീയ്യതി: 08/09/2023

## കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ ജി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീമതി സിന്ധു.റ്റി ( അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ.അരുൺകുമാർ.എ ( അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. രാജ**ൻ**.വി.ഡി (സീനി.ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്മിണിയമ്മ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. വി. ജി. ഷീജ | സെക്രട്ടറി | 01-04-2022 | 31-05-2022 |

| | | | |
|---|---|---|---|
| ശ്രീമതി..ഷൈനി വിശ്വംഭരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 05-10-2022 |
| ശ്രീ.രാജേഷ് കുമാർ.ആർ | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി..ഷൈനി വിശ്വംഭരൻ | അസി.സെക്രട്ടറി | 01-04-2022 | 13-11-2022 |
| ശ്രീ.വിജോയ് മാത്യു. | അസി.സെക്രട്ടറി | 14-11-2022 | 31-03-2023 |
| മഞ്ജുഷ കെ.സി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| അജയകുമാർ | വി.ഇ.ഒ | 01-04-2022 | 04-02-2023 |
| ദീപ്തി.ജി | വി.ഇ.ഒ | 05-02-2023 | 31-03-2023 |
| വിനീത്. വി | ഡയറിഫാം ഓഫീസർ | 01-04-2022 | 31-03-2023 |
| ലതിക.പി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ആശ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ബിൻസി.ബി.എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 25-04-2022 |
| അനൂപ് | മെഡിക്കൽഓഫീസർ (സി.എച്ച്.സി) | 26-04-2022 | 30-03-2023 |
| ലാലി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 13-02-2023 |
| നാസിയ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-02-2023 | 31-03-2023 |
| ശാലുമോൾ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീവൽസല പി ശ്രീനിവാസൻ | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| തൻസി ഷെരീഫ് | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ജിഷ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ധന്യ.എസ്.നായർ | അസി.എഞ്ചിനീയർ | 01-04-2022 | 19-07-2022 |
| ജസ്ന ഫാത്തിമ | അസി.എഞ്ചിനീയർ | 20-07-2022 | 05-09-2022 |

| | | | |
|---|---|---|---|
| വികാസ് ജി.എസ് | അസി.എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ആരതി.എസ്.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 04-07-2022 |
| ഷിമ്മി എസ് രാജ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 05-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വികസന ഫണ്ട് (പൊതു) ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 15 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചില്ല. | 1-12 |
| 16 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 3,05,750/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചില്ല. | 1-13 |
| 17 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-14 |
| 18 | ഒ.ഡി.എഫ് - കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല. | 1-15 |
| 19 | വീട് മെയിന്റനൻസ് പൂർത്തീകരിച്ചില്ല. | 1-16 |
| 20 | ഉപയോഗിക്കാത്ത ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻതുക ഒടുക്കുന്നു. | 1-17 |
| 21 | ഇ-ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല. | 1-18 |
| 22 | പൊതുശ്മശാന നിർമ്മാണത്തിന് വസ്തു വാങ്ങിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല. | 1-19 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 30,13,450/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |

| | | |
|---|---|---|
| 24 | ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ - മൂല്യനിർണ്ണയത്തേക്കാൾ അധികം തുക നല്കി. | 1-21 |
| 25 | തെരുവ് വിളക്കുകളുടെ പരിപാലനത്തിന് ഉപകരണങ്ങൾ വാങ്ങൽ, വ്യക്തമായ ആസൂത്രണം ഇല്ലാത്തതിനാൽ അധികം തുക ചെലവഴിക്കേണ്ടിവന്നു. | 1-22 |
| 26 | ഹരിതകർമസേന - പ്രവർത്തനങ്ങൾ - അവലോകനം | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ - മൂല്യനിർണ്ണയത്തേക്കാൾ അധികം തുക നല്കി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യപത്രികകളും, നിർദ്ദിഷ്ട അനുബന്ധഫോറങ്ങളും 26-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 28-6-23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 30,34,142/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 A - 40 B) = 1,05,92,159/-

വ്യത്യാസം = 75,58,017/-

### 1-1-3 വികസന ഫണ്ട് (പൊതു) ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 ൽ വികസന ഫണ്ടിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ തൻവർഷം പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 6,32,000/-രൂപയുടെ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പകൽവീട് – 21/23- 7,000/-രൂപ
2. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-80/23 - 6,25,000/-രൂപ

### 1-2 ബജറ്റ്

30-03-22 ലെ 1 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 24-02-23 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,39,28,751/-രൂപ |
| വരവ് | 5,55,22,482/-രൂപ |
| ആകെ | 6,94,51,233/-രൂപ |
| ചെലവ് | 4,49,30,323/-രൂപ |
| നീക്കിയിരിപ്പ് | 2,45,20,910/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 47,858/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,92,300/-രൂപ |

വികസനഫണ്ട് (ജനറൽ)/വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് – റോഡ്/നോൺ റോഡ്, സി.എഫ്.സി ട്രഷറി (ബേസിക് & ടൈഡ്), എ.ജി.എൻ.ആർ.ഇ.ജി.എ പ്രോഗ്രാം ഫണ്ട് എന്നിവയുടെ വരവ് – ചെലവ് വിവരങ്ങൾ റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,15,01,277/- | 2,15,01,277/- | 1,98,15,952/- | 16,85,325/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,11,96,740/- | 1,11,96,740/- | 1,06,52,000/- | 5,44,740/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – | 0 | 10,24,754/- | 10,24,754/- | 8,90,544/- | 1,34,210/- |

| | | | | | |
|---|---|---|---|---|---|
| ടൈഡ് ട്രഷറി | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – പെർഫോർമൻസ് ഗ്രാന്റ് – അൺടൈഡ് ട്രഷറി | 0 | 57,769/- | 57,769/- | 48,276/- | 93,904/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക് | 37,933/- | 60,27,000/- | 60,64,933/- | 36,71,037/- | 23,93,896/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – പെർഫോർമൻസ് ഗ്രാന്റ് – അൺടൈഡ് | 3,13,670/- | 40,18,000/- | 43,31,670/- | 28,12,806/- | 15,18,864/- (പലിശ 1,32,725/-) |
| മെയിന്റനൻസ്, റോഡ് | 0 | 1,06,76,000/- | 1,06,76,000/- | 58,46,669/- | 48,29,331/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 71,87,162/- | 71,87,162/- | 65,40,406/- | 6,46,756/- |
| | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| MNREGS | 0 | 11,77,032/- | 11,77,032/- | 11,76,565/- | 467/- |
| ശുചിത്വമിഷൻ Pre Monsoon | 0 | 1,80,000/- | 1,80,000/- | 1,80,000/- | 0 |
| ശുചിത്വമിഷൻ | 21,34,032/- | 9,30,790/- | 30,64,822/- | 21,63,380/- | 9,01,442/- |
| ഐ.സി.ഡി.എസ് | 10,61,610/- | 18,31,488/- | 28,93,098/- | 18,65,196/-(Proir Period Expenditure ഉൾപ്പടെ) | 10,27,902/- |
| ശുചിത്വമിഷൻ MCF | | 7,20,000/- | 7,20,000/- | 7,20,000/- | 0 |
| Drinking Water Schemes | 0 | 15,00,000/- | 15,00,000/- | 0 | 15,00,000/- |
| Health Grant | 0 | 4,99,526/- | 4,99,526/- | 0 | 4,99,526/- |
| സമ്പൂർണ്ണ ശുചിത്വം | 3,19,643/- | 12,786/- | 3,32,429/- | 0 | 3,32,429/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ബയോഡൈവേഴ്സിറ്റി | 1,89,488/- | 5,450/- | 1,94,938/- | 299/- | 1,94,639/- |
| പകർച്ചാവ്യാധിഫണ്ട് | 51,58,095/- | 0 | 51,58,095/- | 0 | 51,58,095/- |
| ലൈഫ് സംസ്ഥാനാവിഷ്കൃതം | - | 29,04,997/- | 29,04,997/- | 11,90,014/- | 17,14,983/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 145061028/- | 96 | 60662728/- | 17 | 45 | 60.38% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1177032/- | 1177032/- | 1176565/- | 467/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36971206/- | 36971206/- | 36971206/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 39,120/- |
| കർഷകതൊഴിലാളി പെൻഷൻ | 20,97,800/- |
| വിധവാപെൻഷൻ | 1,97,44,200/- |
| വാർദ്ധക്യകാലപെൻഷൻ | 2,61,84,400/- |
| വികലാംഗപെൻഷൻ | 51,74,400/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,32,800/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 223/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

* ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്.

* വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു.

* പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

* വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

* ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

* ടൂറിസം വികസനത്തിന്റെ സാധ്യത ഏറെയുള്ള ഗ്രാമപഞ്ചായത്തിൽ ശരിയായ ആസൂത്രണ പാടവത്തോടെ പദ്ധതികൾ നടപ്പാക്കാനുള്ള കർമപദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.

* ദേശീയതൊഴിലുറപ്പ് പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് വിജിലൻസ് & മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/01/2023 | 10/2022 – 12/2022 | 13/02/2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/04/2017 – 18/04/2017 | 2012-13 – 2016-17 | 31/05/2017 |

## 1-11 തൊഴിൽ നികുതി - അപാകതകൾ

2022-2023 സാമ്പത്തിക വർഷം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, തൊഴിൽ നികുതി റിട്ടേൺസ് എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഡോക്ടർമാർ, അഭിഭാഷകർ, റേഷൻ വ്യാപാരികൾ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള GO(P)No.80/2017/തസ്വഭവ. തീയതി-31.10.2017 ലെ IFTE & OS ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം 149). അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ, കോളേജുകൾ എന്നിവർ തൊഴിൽ നികുതി അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പഞ്ചായത്തു പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും, പ്രസ്തുത റേഷൻ കടകളിൽ നിന്നും, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ സൂപ്പർവൈസർമാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

റേഷൻ കടകളെയും, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവരേയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി

രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/2023

1-12 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചില്ല.

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണം പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ 2 പേർ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പഠനമുറിക്കായി ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പദ്ധതി, നം | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി (99/23) |
| അടങ്കൽ തുക | 32,00,000/- (SCPഫണ്ട്) |
| ചെലവ് തുക | 2081387/-<br>ബിൽനം.<br>1.20/12.1.23 - 250000/-<br>2.21/18.1.23 - 100000/-<br>3.22/9.2.23 - 425000/-<br>4.25/9.2.23 – 150000/-<br>5.26/15.2.23 - 150000/-<br>6.28/22.2.23 - 75000/-<br>7.27/17.2.23 – 275000/-<br>8.32/16.3.23 - 150000/-<br>9.39/28.3.23 - 222146/-<br>10.33/17.3.23 - 75000/-<br>11.34/17.3.23 - 50000/-<br>12.35/28.3.23 - 150000/-<br>13.40/31.3.23 - 9241/- |

നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ / ശ്രീമതി) | അനുവദിച്ച തുക ₹ |
|---|---|---|
| 1 | അനഘ, വാർഡ് നം. 5 | 1,25,000/- |
| 2 | കാവ്യ ഭാരതി, വാർഡ് നം.8 | 1,25,000/- |

മേൽ ഗുണഭോക്താക്കളുടെ പഠനമുറിനിർമ്മാണ പുരോഗതി വിലയിരുത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 10/20.7.2023.

1-13 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 3,05,750/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്റ്റിൽ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി K.M.S.C.L-ൽ അടവാക്കിയ 305750/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബിൽ നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|
| 66/23 പാലിയേറ്റീവ് കെയർ-വികസന ഫണ്ട് ജനറൽ | 8,50,000/-<br>1,21,252/-<br>59,484/- | ബിൽ നം.8/ 3.12.2022<br>6/29.1.2023<br>ബിൽ നം. 12/ 16.3.2023 | PRF 1384/27.10.2022<br>PRF 1133/26.8.22 (ഉപകരണങ്ങൾ)<br>PRF 4953/3.3.2023 (ഉപകരണങ്ങൾ) | 1,69,577/-<br>1,06,589/-<br>29,584/- |
| | | | ആകെ | 3,05,750/-രൂപ |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 3,05,750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 3,05,750 /-രൂപ

1-14 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | അടങ്കൽ(രൂപ) | ചെലവുതുക | ബിൽ നം./തീയതി | നൽകിയ തുക (രൂപ) | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 7/23 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ | 3,00,000/- (മെയി. ഫണ്ട്-റോഡിതരം) | 3,00,000/- | 01/22-23/ 9.3.23 | 3,00,000/- | 3,00,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മുൻഗണനാക്രമത്തിൽ മരുന്നുകൾ ഹോംകോയിൽ നിന്നും നൽകുന്നതാണെന്ന് അറിയിച്ചതായി മറുപടി നൽകി. മരുന്നുകൾ ലഭിക്കാത്തതിനാൽ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 3,00,000/-രൂപ

ഓഡിറ്റ് എൻക്വയറി നം.1/11.7.2023

1-15 ഒ.ഡി.എഫ് - കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല.

പ്രോജക്റ്റ് നം - 22/23
ഒ.ഡി.എഫ് - വ്യക്തിഗത കക്കൂസ് നിർമ്മാണം.

അടങ്കൽ - ₹ 554400/- (സി.എഫ്.സി -₹ 122400/-, കേന്ദ്രാവിഷ്കൃതം. – ₹432000/-)
ആകെ ചെലവ് - ₹431200/- (₹ 122400/- സി.എഫ്.സി, ₹ 308800/- കേന്ദ്രാവിഷ്കൃതം.)
നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

മേൽ പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സീരിയൽ നം | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക(രൂപ) |
|---|---|---|---|
| 1 | വിജി.വി.എസ്, ഈഴം വിള വീട് വാർഡ്-7 | Pfms-xvfc/2022-2023/ P-29 | 7700/- |
| 2 | കല്യാണി, തണ്ട് വാലുവിളവീട് പൂതക്കുളം, വാർഡ്-9 | ചെക്ക് നം-2344512/4.2.23 | 7700/- |
| 3 | മാലതി, ചരുവിളവീട്, പൂതക്കുളം വാർഡ്-9 | ചെക്ക് നം – 2344518/20.2.23 | 7700/- |

നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 23,100/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കക്കൂസ് നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 23,100/-രൂപ

1-16 വീട് മെയിന്റനൻസ് പൂർത്തീകരിച്ചില്ല.

നിർവഹണോദ്യോഗസ്ഥൻ - വി.ഇ.ഒ
പ്രോജക്റ്റ് – വീട് വാസയോഗ്യമാക്കൽ, ജനറൽ

പ്രോജക്റ്റ് നമ്പർ – 32/2022-2023

അടങ്കൽ - 18,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ആകെ ചെലവ് - 17,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)
വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ഗുണഭോക്താക്കൾക്ക് 1,00,000/-രൂപ വീതം ധനസഹായം നൽകുന്ന മേൽ പദ്ധതി പ്രകാരം ആദ്യ ഗഡു ആയി 50,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പേര് | ബിൽ നം/തീയതി |
|---|---|---|
| 1 | ഷാജി, ഒറ്റപ്ലാവില വീട്, കോട്ടുവൻകോണം, വാർഡ്-1 | Pfms No-xvfc/2022-2023, 23p/58/20-3-2023 |

വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താവിന് പണി പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടി നൽകി. പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ച്, വാല്യുവേഷൻ പ്രകാരം ബാക്കി തുക നൽകുകയോ, ഭാഗികമായി കൈപ്പറ്റിയ തുക കരാർ പ്രകാരം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 50,000/-രൂപ

ഓഡിറ്റ് എൻക്വയറി നം.4/14-7-23

1-17 ഉപയോഗിക്കാത്ത ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻതുക ഒടുക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വെള്ളക്കരം അടവാക്കലുമായി ബന്ധപ്പെട്ട് 2 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1) പ്രോജക്ട്- വാട്ടർ അതോറിറ്റി വെള്ളക്കരം അടയ്ക്കൽ (110/23)

അടങ്കൽ തുക -

| | |
|---|---|
| തനത് ഫണ്ട് | 2,00,279/- |
| സംരക്ഷണ ഗ്രാന്റ്, ( റോഡിതരം ) | 18,71,821/- |
| ആകെ | 20,72,100/- |

2) പ്രോജക്ട്- പൊതു ടാപ്പ് ഒഴിവാക്കൽ വാട്ടർ അതോറിറ്റി തുക അടവാക്കൽ (167/23)

അടങ്കൽ തുക - 2,00,000/- (തനത് ഫണ്ട്)

2022-23 ൽ 358 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കിവരുന്നത്. ഒരു പൊതുടാപ്പിന്, പ്രതിവർഷം 5788.13/- രൂപാ ക്രമത്തിൽ പ്രതിമാസം 1,72,675/-രൂപയാണ് അടവാക്കി വരുന്നത്. പ്രതിമാസം കൃത്യമായി തുക ഒടുക്കിവരുന്നുണ്ടെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ബില്ലുകളിൽ വൻതുക കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി 2023 ജനുവരി മാസത്തെ ബിൽ താഴെക്കൊടുത്തിരിക്കും പ്രകാരമാണ് ലഭിച്ചിട്ടുള്ളത്.

Bill No 70252/09-01-2021 January/23

Gcode G021001

| | |
|---|---|
| Closing Balance As On 31-12-2023 | 22,16,501/- |
| Fine | 43,542/- |
| Demand For B1/23 | 1,72,675/- |
| Total | 24,32,718/- |

കേരളാ വാട്ടർ അതോറിറ്റിയുടെ 20-06-2022 ലെ DB1 PHDNK/DW/G/PKM/719/2017 നമ്പർ കത്തിൽ ആവശ്യപ്പെട്ടതുപ്രകാരം ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് (Disconnection Of Existing Street Tap) 1,79,000/-രൂപാ 20-02-2023 ൽ അടവാക്കി. (യു ടി ആർ നം RBI0522303818127). ഇതോടൊപ്പം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരളാ വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുള്ള കത്തിൽ 100 പൊതു ടാപ്പുകളുടെ ബിൽ തുക ഒഴിവാക്കിത്തരുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

എന്നാൽ നിലവിലും ഒഴിവാക്കാനാവശ്യപ്പെട്ട 100 ടാപ്പുകളുടെ വെള്ളക്കരം കൂടി ഉൾപ്പെട്ട ബില്ലാണ് ലഭിച്ചുവരുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 06, തീയതി 15-07-2023) അടവാക്കിയ തുക കുടിശ്ശികയായി ഉൾപ്പെടുത്തിയ ബില്ലാണ് നല്കിവരുന്നതെന്നും ആയത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

പ്രവർത്തനരഹിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടും 358 ടാപ്പുകളുടെ എണ്ണം കണക്കാക്കി ബില്ല് നല്കുന്നത് മൂലം (100 ടാപ്പുകളുടെ വെള്ളക്കരം ഉൾപ്പെടെ) പ്രതിമാസം 48,234/- രൂപാ ക്രമത്തിൽ അധികം നല്കി വരുകയാണ്. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കൃത്യമായ ബില്ലുകൾ കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം-നം - 06, തീയതി 15-07-2023

**1-18 ഇ-ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല.**

ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നിലവിലും ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിലാണ് ഒടുക്കിവരുന്നത്.

2022-23 ൽ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ ലഭിച്ചിട്ടുള്ള 87,540/-രൂപാ ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക് മാറ്റി അടവാക്കിയിട്ടില്ല. തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക് മാറ്റി വിവരം അറിയിക്കേണ്ടതും, തുടർന്നും ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ തന്നെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം – 07, തീയതി 19-07-2023

**1-19 പൊതുശ്മശാന നിർമ്മാണത്തിന് വസ്തു വാങ്ങിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല.**

പ്രോജക്ട് - പൊതുശ്മശാനം വസ്തു വാങ്ങൽ (35/23)

അടങ്കൽ തുക - 2,28,000/- (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പൂതക്കുളം ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം സ്ഥാപിക്കുന്നതിന് 46.286 ആർ വസ്തു 44,00,000/- രൂപ ചെലവഴിച്ച് വാങ്ങി. ഇതിൽ 41,78,000/- രൂപാ 2021-22 ലും ബാക്കി 2,22,000/-രൂപ 2022-23 ലും ചെലവഴിച്ചു.
വസ്തുവാങ്ങലിന് ശേഷം പൊതുശ്മശാനം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 05, തീ 15-07-2023) ഗ്യാസ് ക്രമിറ്റോറിയം സ്ഥാപിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്ന് മറുപടി നല്കി.
തുടർനടപടികൾ സ്വീകരിച്ച് പൊതുശ്മശാന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം - 5, തീയതി 15-07-2023

**1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 30,13,450/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് - പൊതുകുളങ്ങളുടേയും തോടുകളുടേയും സംരക്ഷണം (20/23)

അടങ്കൽ തുക - 30,13,450/- (ധനകാര്യ കമ്മീഷൻ അവാർഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മൈനർ ഇറിഗേഷൻ വകുപ്പ് എക്സി. എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം ഞാറോഡ് ഏലാക്കുളം നവീകരണത്തിനായി 30,13,450/- രൂപാ ബിൽ നം. 186 തീ 11-01-23 പ്രകാരം പിൻവലിച്ച് മൈനർ ഇറിഗേഷൻ വകുപ്പിൽ ഒടുക്കുവരുത്തി. പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 15-07-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6) വിനിയോഗ സാക്ഷ്യപത്രം മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കിക്കൊള്ളാം എന്ന് മറുപടി നല്കി. പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 30,13,450/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 30,13,450/- രൂപ

ഓഡിറ്റ് അന്വേഷണം നം - 6, തീ 15-07-2023

### 1-21 ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ - മൂല്യനിർണ്ണയത്തേക്കാൾ അധികം തുക നല്കി.

പ്രോജക്ട് - ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ (42/23)

അടങ്കൽ തുക - 9,66,992/- (സംരക്ഷണ ഗ്രാന്റ്, റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കൃഷി ഭവൻ, വെറ്ററിനറി ആശുപത്രി എന്നീ ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങുന്നതിനുള്ള പ്രോജക്ടിനായി ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ഫർണീച്ചറുകൾ വാങ്ങുകയും, പ്രവൃത്തി പൂർത്തീകരിച്ച് അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയപ്രകാരം സ്ഥാപനത്തിന് (21-10-2022 ലെ ബിൽ നം. 11 പ്രകാരം) 8,99,999/- രൂപ നല്കുകയും ചെയ്തു. ഇതിൽ താഴെക്കൊടുത്തിരിക്കുന്ന അപാകത കാണുന്നു.

1) മൂല്യനിർണ്ണയപ്രകാരം പൂതക്കുളം വെറ്ററിനറി ഹോസ്പിറ്റലിലെ എം.ഡി.എഫ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഓഫീസ് അലമാരകളുടെ ആകെ വിസ്തീർണ്ണം 15.06 Sqm ആണ്. എന്നാൽ ആർട്ട്കോയുടെ 450/29-03-2022 ബിൽ പ്രകാരം കണക്കാക്കിയിരിക്കുന്ന അളവ് 15.91 Sqm ആണ്. 0.85 Sqm ന്റെ വില അധികമായി നല്കിയിരിക്കുന്നു.

2) മൂല്യനിർണ്ണയപ്രകാരം പൂതക്കുളം കൃഷി ഭവനിലെ എം.ഡി.എഫ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഓഫീസ് അലമാരകളുടെ ആകെ വിസ്തീർണ്ണം 26.1 Sqm ആണ്. എന്നാൽ ആർട്ട്കോയുടെ 461/29-03-2022 ബിൽ പ്രകാരം കണക്കാക്കിയിരിക്കുന്ന അളവ് 28.62 Sqm ആണ്. അധികമായി 2.52 Sqm ന്റെ വില നല്കിയിരിക്കുന്നു. അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തേക്കാൾ കൂടിയ അളവിൽ വിസ്തൃതി കണക്കാക്കിയതുമൂലം അധികം നല്കിയ തുക

ആകെ അധികം നല്കിയ അളവ് = 0.85 + 2.52 = 3.37

അധികം നല്കിയ തുക = 3.37 X 12035 + 18% ജി എസ് ടി

= 40558 + 7300 = 47,858/-രൂപ

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06, തീ 15-07-2023) നിർവ്വഹണ ഏജൻസിയിൽനിന്നും വിശദീകരണം ലഭ്യമാക്കി അറിയിക്കാമെന്ന് മറുപടി നല്കി.

അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തേക്കാൾ അധികം നല്കിയ 47,858/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കേണ്ടതാണ്.

നിരാകരിച്ച തുക - 47,858/- രൂപ

ഓഡിറ്റ് അന്വേഷണം നം - 06, തീ 15-07-2023

### 1-22 തെരുവ് വിളക്കുകളുടെ പരിപാലനത്തിന് ഉപകരണങ്ങൾ വാങ്ങൽ, വ്യക്തമായ ആസൂത്രണം ഇല്ലാത്തതിനാൽ അധികം തുക ചെലവഴിക്കേണ്ടിവന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്കുകളുടെ പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങലുമായി 2 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1) പ്രോജക്ട് - തെരുവ് വിളക്കുകൾക്ക് എ.എം.സി (17/23)

അടങ്കൽ തുക

| | |
|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 4,80,000/- |
| തനത് ഫണ്ട് | 50,000/- |
| ആകെ | 5,30,000/- |

പ്രോജക്ട് പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന്

ടെണ്ടർ ക്ഷണിച്ചതിൽ കെ.എം അസോസിയേറ്റ്സ് കുണ്ടറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (എല്ലാ നികുതികളും ഉൾപ്പെടെ) താഴെ കൊടുത്തിരിക്കും പ്രകാരം അംഗീകരിച്ചു.

| ക്രമ നം | ഇനം | നിരക്ക് |
|---|---|---|
| 1 | 12 വാട്ട്സ് എൽ.ഇ.ഡി ബൾബ് | 121 |
| 2 | പെൻഡന്റ് ഹോൾഡർ | 12.5 |
| 3 | അലൂമിനിയം വയർ, 1.5 എം.എം | 260 |
| 4 | ഇൻസുലേഷൻ ടേപ്പ് | 8.5 |
| 5 | മെറ്റൽ ഷെയ്ഡ് | 32 |

ഈ സ്ഥാപനത്തിൽനിന്നും ഇൻവോയിസ് നം. 7, തീ 19-08-2022, ഇൻവോയിസ് നം. 8, തീ 06-09-2022 എന്നിവ പ്രകാരം 2,17,039/- രൂപായുടെ ഉപകരണങ്ങൾ വാങ്ങി.

2) പ്രോജക്ട്- തെരുവ് വിളക്ക് മെയിന്റനൻസ് സാധന സാമഗ്രികൾ വാങ്ങൽ (155/23)
അടങ്കൽ തുക – 3,50,000/-(തനത് ഫണ്ട്)
പ്രോജക്ട് പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽസ്, പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിന്റെ 20-12-2022 ലെ 412 നമ്പർ പ്രോഫോർമ ഇൻവോയിസ് പ്രകാരം താഴെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക (രൂപ) |
|---|---|---|---|---|
| 1 | 12 വാട്ട്സ് എൽ.ഇ.ഡി ബൾബ് | 700 | 178.5 | 1,24,950/- |
| 2 | അലൂമിനിയം വയർ, 1.5 എം.എം | 40 | 319.49 | 12,779/- |
| 3 | മെറ്റൽ ഷെയ്ഡ് | 550 | 39 | 21,450/- |
| 4 | പെൻഡന്റ് ഹോൾഡർ | 550 | 16.8 | 9,240/- |
| | | | | 1,68,419.60/- |
| | ജി എസ് ടി 18% | | | 30,315.52/- |
| | | | | 1,98,735/- |

ഇതേ ഉപകരണങ്ങൾ ആദ്യ പ്രോജക്ടിലെ കരാറുകാരനിൽ നിന്നും വാങ്ങിയിരുന്നെങ്കിൽ നല്കേണ്ടിയിരുന്ന തുക (12 വാട്ട്സ് എൽ.ഇ.ഡി ബൾബ് ആണ് പത്ര പരസ്യത്തിലൂടെ ആവശ്യപ്പെട്ടിരുന്നത്.)

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക(രൂപ) |
|---|---|---|---|---|
| 1 | 12 വാട്ട്സ് എൽ.ഇ.ഡി ബൾബ് | 700 | 121 | 84,700/- |
| 2 | അലൂമിനിയം വയർ, 1.5 എം.എം | 40 | 260 | 10,400/- |
| 3 | മെറ്റൽ ഷെയ്ഡ് | 550 | 32 | 17,600/- |
| 4 | പെൻഡന്റ് ഹോൾഡർ | 550 | 12.5 | 6,875/- |
| | ആകെ | | | 1,19,575/- |

അധികം ചെലവഴിക്കേണ്ടി വന്ന തുക – 198735 - 119575 = 79,160/-രൂപ
ഇതുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

(1) പദ്ധതിയുമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഒരു വർഷത്തെ ആവശ്യകത കണക്കാക്കി പ്രോജക്ട് തയ്യാറാക്കിയ ശേഷം ടെണ്ടർ നടപടികൾ നടത്താതിരുന്നതിനാലാണ് അധികം തുക

ചെലവഴിക്കേണ്ടി വന്നത്.

(2) യുണൈറ്റഡ് ഇലക്ട്രിക്കൽസ്, പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിന്റെ പ്രഫോർമ ഇൻവോയിസ് ലഭിച്ചപ്പോൾ നിലവിലുള്ള കരാറുകാരൻ വിതരണം ചെയ്യുന്ന നിരക്കിനേക്കാൾ കൂടിയ നിരക്കാണെന്ന് ബോദ്ധ്യപ്പെട്ടിട്ടും കുറഞ്ഞ നിരക്കിലുള്ള കരാറുകാരനിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തിയില്ല.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-08- തീ 19-07-2023 ) നിലവിലുള്ള കരാറുകാരൻ കരാർ വ്യവസ്ഥ പ്രകാരം വകയിരുത്തിയിരുന്ന തുകയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തുകഴിഞ്ഞതിനാലാണ് ടെണ്ടർ നടപടികൾ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതെന്ന് മറുപടി നല്കി.
തെരുവ് വിളക്ക് പരിപാലനത്തിനായി ഒരു വർഷത്തെ ആവശ്യകത കണക്കാക്കി പ്രോജക്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 ഹരിതകർമസേന - പ്രവർത്തനങ്ങൾ - അവലോകനം

ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രവർത്തനാവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ഗ്രാമപഞ്ചായത്തിൻറെ പേര്<br>വാർഡുകളുടെ എണ്ണം | :<br>: | പൂതക്കുളം<br>18 |
| 2. | ഓരോ വാർഡിലെയും കുടുംബങ്ങളുടെ എണ്ണം / സ്ഥാപനങ്ങളുടെ എണ്ണം/ ആകെ ജനസംഖ്യ | : | 29447 |
| 3. | ഹരിതകർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം<br>(വാർഡ് തല വിവരം) | : | 34 |
| 4. | വാർഡുകളിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ ? | : | ഉണ്ട് |
| 5. | കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ ? | : | ഉണ്ട് |
| 6. | ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നുണ്ടോ ?<br>(യഥാസമയം നീക്കം ചെയ്യപ്പെടാതെ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കുക - ഫോട്ടോ ഉൾപ്പെടെയുള്ള തെളിവ് ശേഖരണം നടത്തുക) | : | ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് പാണ്ടാസ് ഇക്കോ വേൾഡ് സൊല്യൂഷൻ എന്ന കമ്പനിയ്ക്ക് കൈമാറുന്നു. |
| 7. | MCF കൾ, RRF കൾ ഉണ്ടോ? | : | ഉണ്ട്, MCF – 1 |

| | | | |
|---|---|---|---|
| 8. | MCF കളുടെ പ്രവർത്തനം ഫലപ്രദമോ? (വിശദ വിവരം ചേർക്കുക) | : | അതെ |
| 9. | ബെയിലിംഗ്, ഷ്രഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ? | : | ഇല്ല |
| 10. | ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ടോ? പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ? | : | ഉണ്ട്, ഇവരുടെ വ്യക്തിത്വ വികസനത്തിനും വരുമാന വർദ്ധനവിനുമുള്ള പരിശീലനം അവർക്ക് നൽകി വരുന്നു. |
| 11. | ഹരിതകർമ്മ സേനാംഗങ്ങളുടെ മാസ വരുമാനം ?<br>വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നുണ്ടോ ? | : | 9000/-<br>ഇല്ല |
| 12. | ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നടക്കുന്നുണ്ടോ ?<br>മോണിട്ടറിംഗ് സംവിധാനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തുക. | : | ഉണ്ട്<br>പ്രതിമാസ യോഗങ്ങൾ ചേർന്ന് അവലോകനം ചെയ്യുന്നു. ഹരിതമിത്രം ആപ്പിൽ അഡ്മിൻ ലോഗിനിൽ കയറി മോണിറ്ററിംഗ് നടന്നു വരുന്നു. |
| 13. | ഹരിതകർമ്മസേനയുടെ വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ ? (Eg: ജൈവ മാലിന്യങ്ങൾ ഉപയുക്തമാക്കി ജൈവവളം ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ) | : | ഇനോക്കുലം വിതരണം ചെയ്യുന്നു. |
| 14. | ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ | : | ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് യോഗം 2 തവണ കൂടുകയുണ്ടായി. |
| 15. | നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഉപയോഗം / പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ - സ്വീകരിച്ച നടപടികൾ | : | ബോധവൽക്കരണം, അനൗൺസ്മെൻറുകൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് എൻഫോഴ്സ്മെൻറ് ടീം രൂപീകരിച്ചിട്ടുണ്ട്., ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. നിയമലംഘനങ്ങൾ കണ്ടെത്തിയാൽ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 16. | ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ( വാഹനങ്ങൾ, ഡ്രൈവിംഗ് പരിശീലനം, ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവ) എന്തൊക്കെ ? | : | നിലവിൽ കുടുംബശ്രീ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നു.<br>ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിന് 2023-24 വർഷം പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |

ഹരിത കർമ്മസേന പ്രവർത്തന റിപ്പോർട്ട്

പൂതക്കുളം ഗ്രാമപഞ്ചായത്തിൽ 2017 നവംബറിൽ 36 അംഗ ഹരിതകർമ്മസേന പ്ലാസ്റ്റിക്ക്

മാലിന്യശേഖരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് രണ്ട് അംഗങ്ങൾ ആരോഗ്യപ്രശ്നങ്ങൾ മൂലം കൊഴിഞ്ഞ് പോവുകയും, പ്രസ്തുത വാർഡുകളിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തു. നിലവിൽ 16 വാർഡുകളിൽ 2 വീതവും 4, 5 വാർഡുകളിൽ ഒരാൾ വീതവും ആകെ 34 ഹരിതകർമ്മ സേനാംഗങ്ങൾ ഒരു കൺസോഷ്യമായി പ്രവർത്തിച്ചു വരുന്നു. പ്രതിമാസം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി പ്രവർത്തന കലണ്ടർ പ്രകാരമുള്ള മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് കരാർ വച്ചിട്ടുള്ള പാണ്ടാസ് ഇക്കോ വേൾഡ് സൊലൂഷൻസ് എന്ന ഏജൻസിക്ക് കൈമാറുന്നു. യൂസർഫീ ഇനത്തിലും പ്ലാസ്റ്റിക്ക് തരംതിരിച്ച് കൈമാറുന്നതിനും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. പ്രതിമാസം അക്കൗണ്ടിലൂടെ മാത്രം തുക വിനിയോഗം ചെയ്തു വരുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 9,000/- രൂപ ശരാശരി വേതനം നൽകി വരുന്നു.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണം എന്ന ആശയം കുട്ടികളിലൂടെ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവം നടത്തുകയുണ്ടായി. ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനായി ഇക്കഴിഞ്ഞ ഗ്രാമസഭകളിൽ പ്രത്യേക അജണ്ട വയ്ക്കുകയും ചെയ്തു. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കുന്നതിന് എല്ലാ ഭവനങ്ങളിലും ക്യൂ ആർ കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ *പെൺരാവേറ്റം* എന്ന പരിപാടിയിലൂടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും ഹരിതകർമ്മസേനയുടെ പ്രാധാന്യവും പൊതുജനങ്ങളിലെത്തിക്കുന്നതിന് പഞ്ചായത്തിന് സാധ്യമായി. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കി വരുന്നു. മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനായി ഒരു ഹെൽപ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

| ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് | | | | |
|---|---|---|---|---|
| 2022-2023 | | | | |
| മാസം | യൂസർ ഫീ (രൂപ) | നൽകിയ വേതനം (രൂപ) | ശേഖരിച്ച മാലിന്യത്തിന്റെ അളവ് (Kg) | കൈമാറിയ മാലിന്യത്തിന്റെ അളവ് (Kg) |
| ഏപ്രിൽ | 163750/- | 167900/- | 4500 | 3688.5 |
| മെയ് | 176400/- | 176400/- | 4000 | 0 |
| ജൂൺ | 203750/- | 222600/- | 4700 | 3888.35 |
| ജൂലൈ | 208400/- | 218400/- | 4000 | 2666.75 |
| ആഗസ്റ്റ് | 230400/- | 243360/- | 5000 | 4006 |
| സെപ്റ്റംബർ | 273400/- | 277884/- | 4000 | 2536 |
| ഒക്ടോബർ | 267150/- | 273234/- | 3500 | 1972 |
| നവംബര് | 178350/- | 201960/- | 5000 | 4464 |
| ഡിസംബർ | 173600/- | 173600/- | 4000 | 3610 |
| ജനവരി | 207300/- | 206027/- | 5000 | 5000 |
| ഫെബ്രുവരി | 185600/- | 206784/- | 3500 | 1686 |

| | | | | |
|---|---|---|---|---|
| മാർച്ച് | 206900/- | 219600/- | 3000 | 3290 |
| | 2475000/- | 2587749/- | 50200 | 36807.6 |





**** നിർദ്ദേശങ്ങൾ ****

1. പ്രതിമാസം യൂസർഫീ കളക്ഷൻ സ്വീകരിക്കുമ്പോൾ അതിദരിദ്രർ, ആശ്രയ എന്നീ ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദൈനംദിന ചെലവുകൾക്ക് പോലും നിവൃത്തി ഇല്ലാത്തതുമായ കുടുംബങ്ങൾക്ക് മാനദണ്ഡങ്ങളിൽ ഇളവുവരുത്തി നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ ലഭ്യമാക്കണം.

2. ഒരു പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും (കെട്ടിട നികുതി ഡിമാൻറ് ചെയ്യുന്നത് പോലെ) ഡിമാൻറ് ചെയ്ത് നികുതി ഈടാക്കും പോലെ വർഷത്തിൻറെ ആരംഭത്തിൽ തന്നെ ഈടാക്കി തുക കൺസോഷ്യത്തിന് കൈമാറുന്നതിന് ആവശ്യമായ നിയമ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണ്.

3. വ്യാപാരി വ്യവസായികളുടെ വിറ്റുവരവിനു അനുസൃതമായി യൂസർഫീ ഈടാക്കുന്നതിനായി ഹരിതമിത്രം ആപ്പിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തലത്തിൽ നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

4. പഞ്ചായത്ത് തലത്തിൽ ബെയിലിംഗ് യൂണിറ്റ്, ഷ്രഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാവുന്നതാണ്.
5. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
7. ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് വളമാക്കി വിതരണം ചെയ്യാവുന്നവിധം സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.
8. ഹരിതകർമസേനകലണ്ടർ പ്രകാരം കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ടെന്നും യഥാസമയം ഏജൻസികൾക്ക് കൈമാറുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

**********************************************************************************************

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ - മൂല്യനിർണ്ണയത്തേക്കാൾ അധികം തുക നല്കി.

പ്രോജക്റ്റ് - ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ (42/23)

അടങ്കൽ തുക - 9,66,992/- (സംരക്ഷണ ഗ്രാന്റ്, റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കൃഷി ഭവൻ, വെറ്റിനറി ആശുപത്രി എന്നീ ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങുന്നതിനുള്ള പ്രോജക്ടിനായി ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ഫർണീച്ചറുകൾ വാങ്ങുകയും, പ്രവൃത്തി പൂർത്തീകരിച്ച് അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയപ്രകാരം സ്ഥാപനത്തിന് (21-10-2022 ലെ ബിൽ നം. 11 പ്രകാരം) 8,99,999/- രൂപ നല്കുകയും ചെയ്തു. ഇതിൽ താഴെക്കൊടുത്തിരിക്കുന്ന അപാകത കാണുന്നു.

1) മൂല്യനിർണ്ണയപ്രകാരം പൂതക്കുളം വെറ്റിനറി ഹോസ്പിറ്റലിലെ എം.ഡി.എഫ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഓഫീസ് അലമാരകളുടെ ആകെ വിസ്തീർണ്ണം 15.06 Sqm ആണ്. എന്നാൽ ആർട്ട്കോയുടെ 450/29-03-2022 ബിൽ പ്രകാരം കണക്കാക്കിയിരിക്കുന്ന അളവ് 15.91 Sqm ആണ്. 0.85 Sqm ന്റെ വില അധികമായി നല്കിയിരിക്കുന്നു.

2) മൂല്യനിർണ്ണയപ്രകാരം പൂതക്കുളം കൃഷി ഭവനിലെ എം.ഡി.എഫ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഓഫീസ് അലമാരകളുടെ ആകെ വിസ്തീർണ്ണം 26.1 Sqm ആണ്. എന്നാൽ ആർട്ട്കോയുടെ 461/29-03-2022 ബിൽ പ്രകാരം കണക്കാക്കിയിരിക്കുന്ന അളവ് 28.62 Sqm ആണ്. അധികമായി 2.52 Sqm ന്റെ വില നല്കിയിരിക്കുന്നു. അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തേക്കാൾ കൂടിയ അളവിൽ വിസ്തൃതി കണക്കാക്കിയതുമൂലം അധികം നല്കിയ തുക

ആകെ അധികം നല്കിയ അളവ് = 0.85 + 2.52 = 3.37

അധികം നല്കിയ തുക = 3.37 X 12035 + 18% ജി എസ് ടി
= 40558 + 7300 = 47,858/-രൂപ

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06, തീ 15-07-2023) നിർവ്വഹണ ഏജൻസിയിൽനിന്നും വിശദീകരണം ലഭ്യമാക്കി അറിയിക്കാമെന്ന് മറുപടി നല്കി.

അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തേക്കാൾ അധികം നല്കിയ 47,858/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കേണ്ടതാണ്.

നിരാകരിച്ച തുക - 47,858/- രൂപ

ഓഡിറ്റ് അന്വേഷണം നം - 06, തീ 15-07-2023

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 19/07/2023 & 20/07/2023 | കെ.എസ്.എ.കെ.എൽ.എം.പി5/1428/23 തീയതി – 17.08.23 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 42,420/- | ബഡ്സ് സ്കൂൾ (പ്രോജക്ട് നമ്പർ 101/23) | 42,420/- | 0 |
| | | 3,93,818/- | പാലിന് സബ്സിഡ് (പ്രോജക്ട് നമ്പർ 96/23) | 3,93,818/- | 0 |
| | | 4,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ 175/23) | 4,00,000/- | 0 |
| | | 2,50,000/- | അനുപൂരക പോഷകാഹാര പരിപാടി (പ്രോജക്ട് നമ്പർ 19/23) | 2,50,000/- | 0 |
| | | 2,40,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ 65/23) | 2,40,000/- | 0 |
| ജില്ലാ പഞ്ചായത്ത് | | 3,20,000/- | ലൈഫ് ഭവന പദ്ധതി (പ്രോജക്ട് നമ്പർ 174/23) | 3,20,000/- | |
| ജില്ലാ പഞ്ചായത്ത് | | 3,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ 31/23) | 3,00,000/- | 0 |
| | | 1,80,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ 65/23) | 1,80,000/- | 0 |
| | | 1,30,221/- | അനുപൂരക പോഷകാഹാര പരിപാടി (പ്രോജക്ട് നമ്പർ 19/23) | 1,30,221/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജലസേചന വകുപ്പ് | പൊതു കുളങ്ങളും തോടുകളും സംരക്ഷണം | UTR | 30,13,450/- | 0 | 30,13,450/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 41,40,000/-രൂപ വരവുണ്ട്. 41,40,000/-രൂപയിൽ, 6,60,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടച്ചതും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതുമായ വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി-18/5/18 | 41,40,000/- | 1,30,28,057/- | 23,34,089/- | - | 1,48,33,968/- |

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,400/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2011-12 | 3-4 | 1440/- | ശ്രീമതി.ശോഭ, ചെമ്പൻകുളം<br>മഹിളാമണി, കല്ലുവിള | 1220101354/28.6.2022<br>1220101355/28.6.2022 |
| 2009-10 | 2-2 | 960/- | ശ്രീ.ബാഹുലേയൻപിള്ള, സെക്രട്ടറി | 1220101352/28.6.2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | 04-02-05 | പഠനത്തിൽ പിന്നോക്കം | അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള പദ്ധതി | കമ്മറ്റി പരിഗണനയിൽ |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 47,858/- | ശ്രീ. രാജേഷ് കുമാർ (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3,05,750/- | ഡോ. അനൂപ്<br>മെഡിക്കൽ ഓഫീസർ (സി എച്ച് സി ) |
| 1-14 | 3,00,000/- | ഡോ. നാസിയ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| 1-15 | 15,400/- | ശ്രീ. അജയകുമാർ എസ്, വി.ഇ.ഒ |
| | 7,700/- | ശ്രീമതി ദീപ്തി.ജി, വി.ഇ.ഒ |
| 1-16 | 50,000/- | ശ്രീമതി ദീപ്തി.ജി, വി.ഇ.ഒ |
| 1-20 | 30,13,450/- | ശ്രീ. രാജേഷ് കുമാർ (സെക്രട്ടറി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയകുമാർ എസ്, വി.ഇ.ഒ | വി.ഇ.ഒ, പൂതക്കുളം ഗ്രാമപഞ്ചായത്ത് | എ.എസ് സദനം, ചിറക്കര പി.ഒ |
| ഡോ. അനൂപ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>(സി എച്ച് സി )<br>പൂതക്കുളം ഗ്രാമപഞ്ചായത്ത് | ഈച്ചേപ്പറമ്പിൽ,<br>കാവിൽ, കൈക്കുളങ്ങര വെസ്റ്റ്,<br>കൊല്ലം |

| | | |
|---|---|---|
| ഡോ. നാസിയ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (ഹോമിയോ ), ഗവ. ഹോമിയോ ഡിസ്പെൻസറി, പൂതക്കുളം | ഗുൾമോഹർ, കൊട്ടിയം പി.ഒ |
| ശ്രീ. രാജേഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | രാഘവഭവൻ, ഇടയാടി പൂതക്കുളം |
| ശ്രീമതി ദീപ്തി.ജി, വി.ഇ.ഒ | ക്ലാർക്ക്, ജില്ലാ കളക്ടറേറ്റ്, തൃശ്ശൂർ | ശ്രീനന്ദനം, റ്റി.സി 21/1187 (1), ആനന്ദനം, കരമന പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ-കെ.എൽ.എം-പി 5/34/22, തീ. 10.10.22 | 0 |
| 2003-04 | കെ.എസ്.എ-കെ.എൽ.എം-പി 5/371(7)/2018, തീ. 23-2-18 | 2 |
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി 5/33/22 തീ. 28-11-22 | 0 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി 5/32/22, തീ. 28-11-22 | 0 |
| 2006-07 | കെ.എസ്.എ-കെ.എൽ.എം-പി 5/31/22, തീ. 28-11-22 | 3 |
| 2007-08 | കെ.എസ്.എ-കെ.എൽ.എം-പി 5/30/22, തീ. 1-08-22 | 3 |
| 2008-09 | കെ.എസ്.എ-കെ.എൽ.എം-പി 5/805 (3)/19, തീ. 12-06-19 | 2 |
| 2009-10 | കെ.എസ്.എ-കെ.എൽ.എം-പി 5/805 (4)/19, തീ. 12-06-19 | 1 |
| 2010-11 | കെ.എസ്.എ-കെ.എൽ.എം-പി 5/28/22, തീ. 23-11-22 | 0 |
| 2011-12 | കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത് 2011-12/922/22 തീ. 25.08.22 | 7 |
| 2012-13 & 2013-14 | കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത് 2012-13 & 2013-14/922/22 തീ. 25.08.22 | 8 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം. പി-5/അദാലത്ത് 2014-15/922/22 തീ. 25.08.22 | 13 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം.പി-5/അദാലത്ത് 2015-16/922/22 തീ. 25.08.22 | 4 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം. പി-5/1324/21 തീ. 02.11.22 | 7 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം. പി-5/12/2020 തീ. 09.03.2020 | 1 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം. പി-5/1859/2019 തീ. 06.02.2020 | 9 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം.പി-5/954/21 തീ. 26.8.21 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ-കെ.എൽ.എം.പി-5/955/21 തീ. 07.09.21 | 9 |
| 2021-22 | കെ.എസ്.എ-കെ.എൽ.എം.പി-5/2043/22 തീ. 22.03.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-06-2023 and submitted on 28-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Poothakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Poothakkulam Grama Panchayat for the year 2022-2023

Date: 08/09/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Poothakkulam Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. The following Mandatory Financial statements prescribed in accounting rules are not submitted for audit.
Ratios, Secretary s notes.
2. Cashflow statement - Net increase /decrease in cash flow does not match with the difference between the opening balance and closing balance of cash and cash equilents.
3. An amount of Rs 632000/- not paid from treasury has not been excluded from web saankhya ACR.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്